കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് – സരസകവി മൂലൂർ എസ്.പത്മനാഭപണിക്കരുടെ 150-ാം ജയന്തി ആഘോഷങ്ങളുടെ സംഘാടനത്തിനായി പത്തനംതിട്ട ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിനുള്ള അനുമതി ഉത്തരവ് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

---

സ.ഉ.(സാധാ) നം.2499/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 07/11/2019

---

പരാമർശം:- 1 ) 29-05-2018-ലെ സ .ഉ (സാധാ) നം 1466 / 2018 /ത സ്വ ഭ ഉത്തരവ്

2) സരസകവി മൂലൂർ സ്മാരക മാനേജിംഗ് കമ്മിറ്റി സെക്രട്ടറിയുടെ 10/06/2019 ലെ 06/2019 SMS നമ്പർ കത്ത്.

<u>ഉത്തരവ്</u>

സരസകവി മൂലൂർ എസ്.പത്മനാഭപണിക്കരുടെ 150- ാം ജയന്തി ആഘോഷങ്ങളുടെ സംഘാടനത്തിനായി പത്തനംതിട്ട ജില്ലാ പഞ്ചായത്ത്, മെഴുവേലി ഗ്രാമപഞ്ചായത്ത് എന്നീ പഞ്ചായത്തുകൾ 2 ലക്ഷം രൂപ വീതവും ജില്ലയിലെ മുനിസിപ്പാലിറ്റികൾ 1 ലക്ഷം രൂപ വീതവും ജില്ലയിലെ മറ്റ് ഗ്രാമ പഞ്ചായത്തുകൾ 50,000/- (അൻപതിനായിരം) രൂപ വീതവും തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് പരാമർശ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ അപ്രതീക്ഷിതമായി ഉണ്ടായ പ്രളയക്കെടുതി മൂലം ബഹുഭൂരിപക്ഷം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും നിർദ്ദിഷ്ട സഹായം നൽകുവാൻ കഴിഞ്ഞില്ല. സഹായം നൽകുവാൻ ചില പഞ്ചായത്തുകൾ തീരുമാനിച്ചുവെങ്കിലും തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിന്നതിനാൽ നടപടി ക്രമങ്ങൾ പൂർത്തിയാക്കാനും കഴിഞ്ഞില്ല. സാമ്പത്തിക വർഷം കഴിഞ്ഞതിനാൽ മേൽപ്പറഞ്ഞ ഉത്തരവ് പുതുക്കി നൽകണമെന്നാണ് പരാമർശം രണ്ട് പ്രകാരം അപേക്ഷിച്ചിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൂലൂരിന്റെ 150-ാം ജയന്തി ആഘോഷങ്ങളുടെ സംഘാടനത്തിനായി, പരാമർ ശം (1 ) -ലെ ഉത്തരവ് പ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം തുക നല്കാൻ കഴിയാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അതാത് തദ്ദേശ സ്ഥാപനത്തിന്റെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി, തനത് ഫണ്ടിൽ നിന്ന്, നടപ്പു സാമ്പത്തിക വർഷം പ്രസ്തുത തുക നൽകുന്നതിന് യഥേഷ്ടാനുമതി നൽകി പരാമർശം (1) -ലെ ഉത്തരവ് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

ബീനമോൾ കെ ജെ.

ഡെപ്യൂട്ടിസെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സരസകവി മൂലൂർ സ്മാരക സെക്രട്ടറി, പത്തനംതിട്ട

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട

ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ(പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട മുഖേന )

ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ(പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന )

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Ramola

സെക്ഷൻ ഓഫീസർ